

## മൂടുപടമില്ലാതെ കർത്താവിന്റെ മഹത്വം ദർശിക്കാം.

### സെപ്റ്റംബർ 2015 : വിചിന്തനം – 2 കോറിന്തോസ് 3:12–18

*എന്നാൽ, ആരെങ്കിലും കർത്താവിലേക്കു തിരിയുമ്പോൾ ആ മൂടുപടം നീക്കപ്പെടുന്നു. കർത്താവ് ആത്മാവാണ്; കർത്താവിന്റെ ആത്മാവുള്ളിടത്തു സ്വാതന്ത്ര്യമുണ്ട്. കർത്താവിന്റെ മഹത്വം, കണ്ണാടിയിലെന്നപ്പോലെ, മൂടുപടമണിയാത്ത മുഖത്തു പ്രതിഫലിക്കുന്ന നാമെല്ലാവരും അവിടുത്തെ സാദൃശ്യത്തിലേക്ക്, മഹത്വത്തിൽ നിന്ന് മഹത്വത്തിലേക്ക് രൂപാന്തരപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഇത് ആത്മാവായ കർത്താവിന്റെ ദാനമാണ്.*

പ്രാർത്ഥനയുടെ ആവശ്യകതയും ഫലദായകത്വവും അറിഞ്ഞ് അതിൽ അനുഭൂതി കണ്ടെത്തി, ആഴമേറിയ ഒരു പ്രാർത്ഥനാജീവിതം നയിക്കുവാൻ പരിശ്രമിക്കുന്നവരാണല്ലോ നമ്മിൽ ഏറെപ്പേരും. ചിലപ്പോൾ അനേകവർഷങ്ങൾ തന്നെ പരിശ്രമിച്ചിട്ടും, ദൈവവുമായുള്ള ബന്ധത്തെ ആഴപ്പെടുത്തുവാൻ നമ്മുടെ പ്രാർത്ഥനകൾക്ക് സാധിച്ചിട്ടില്ലെന്ന് നമ്മിൽ പലർക്കും തോന്നിയിട്ടുണ്ടാവാം. വിരോധാഭാസമെന്ന് പറയട്ടെ, ദൈവത്തെക്കുറിച്ച് വളരെ തീക്ഷണമായി നമ്മുടെ സുഹൃത്തുക്കൾക്ക് പങ്കുവെയ്ക്കുകയും, നമ്മുടെ ജീവിതത്തിലെ സാധാരണ നിമിഷങ്ങളായ ഒരു സായാഹ്നസവാരിയിലോ മറ്റോ അവിടുത്തെ സാന്നിദ്ധ്യം അനുഭവിക്കുകയും ചെയ്തേക്കാം. എന്നാൽ യഥാർത്ഥത്തിൽ പ്രാർത്ഥിക്കാനായി നാം ഇരിക്കുമ്പോൾ, നമുക്ക് ഒട്ടും തന്നെ പ്രാർത്ഥിക്കാനാകുന്നില്ല. കൊറിന്ത്യർക്കെഴുതിയ രണ്ടാം ലേഖനത്തിൽ നമ്മെ ആവരണം ചെയ്തിരിക്കുന്ന ഒരു മൂടുപടത്തെക്കുറിച്ചും, അത് എങ്ങനെയാണ് ദൈവത്തേയും നമ്മെയും തമ്മിൽ വേർതിരിച്ചിരിക്കുന്നതെന്നും പ്രതിപാദിക്കുന്നുണ്ട്. പ്രാർത്ഥനയിൽ അനുഭവിക്കുന്ന ഈ മരവിപ്പിന് ചിലപ്പോൾ ധാരാളം കാരണങ്ങളുണ്ടാകാം. എന്നാൽ ഫലദായകവും അർത്ഥപൂർണവുമായ ഒരു പ്രാർത്ഥനാജീവിതശൈലി രൂപപ്പെടുത്തുവാൻ എന്തൊക്കെയാണ് നമുക്ക് ചെയ്യുവാൻ സാധിക്കുന്നത്?

ചെറിയ ചെറിയ ഇടവേളകളിൽ ദൈവത്തെ സമീപിക്കുക വഴി നമ്മുടെ പ്രാർത്ഥനജീവിതത്തെ ശക്തിപ്പെടുത്തുവാൻ കഴിയും. ചിലപ്പൊഴൊക്കെ ഏതെങ്കിലും രീതിയിൽ ദൈവത്തിങ്കലേക്ക് തിരിയുവാൻ ഒരു “നാടകീയ മുഹൂർത്ത”ത്തിനുവേണ്ടി കാത്തിരിക്കുന്നവരായി നമ്മെത്തന്നെ കാണാൻ നമുക്ക് കഴിഞ്ഞേക്കാം. ഇത് പലതരത്തിൽ സംഭവിക്കാം. ഒരു പാപം ചെയ്തതിനുശേഷം നാം തന്നെ പറയുന്നു, കുറച്ചു ദിവസങ്ങൾ കഴിഞ്ഞിട്ട്, കുമ്പസാരം വരെ കാത്തിരിക്കാമെന്നോ, അല്ലെങ്കിൽ വളരെ ഗൗരവാർഹമായതോ, നിസ്സാരമായതോ ആയ ഒരു മേഖലയ്ക്കുവേണ്ടി പ്രാർത്ഥിക്കുന്നത് ഒഴിവാക്കുന്നതോ ആകാമെന്ന്. മറ്റവസരങ്ങളിൽ, ആരെങ്കിലുമൊക്കെ ആയിട്ട് വഴക്കും അഭിപ്രായവ്യത്യാസവുമുണ്ടായി, വളരെയധികം സമയവും മാനസിക ആരോഗ്യവും പാഴാക്കി, എന്നാൽ ഒന്നും

തന്നെ നേടാത്ത സ്ഥിതിവിശേഷങ്ങളിൽ അവസാനം നാം നിലംപതിക്കുന്നു. നമ്മെത്തന്നെ എളിമപ്പെടുത്തി, ദൈവസന്നിധിയിൽ നാം കടന്നുവരുമ്പോൾ മനസിലാകും അവിടുന്ന് നമുക്കുവേണ്ടി എത്രമാത്രം കാത്തിരിക്കുന്നുവെന്ന്. അവിടുത്തെ സന്നിധിയിലേക്ക് കടന്നുവരുവാൻ ഇത്രമാത്രം താമസിച്ചതെന്തേ എന്ന് നാം തന്നെ ചോദിച്ചുപോകും. ആത്മീയ ശൈശവത്വത്തിലേക്കാണ് ഒരു ക്രിസ്ത്യാനി വിളിക്കപ്പെട്ടിരിക്കുന്നത്. ഹൃദയശാന്തതയും ലാളിത്യവുള്ളവനായി- യാതൊരു മടിയുമില്ലാതെ എപ്പോഴും ദൈവത്തിങ്കലേക്ക് തിരിയുന്ന വ്യക്തിയായി. ക്രിസ്തുവുമായുള്ള ഈ തുടർച്ചയായുള്ള താദാത്മ്യം പ്രാപിക്കൽ വിശുദ്ധിയിലേക്കുള്ള നമ്മുടെ യാത്രയെ വേഗതയുള്ളതാകും.

നമ്മുടെ പ്രാർത്ഥനാജീവിതത്തെ ശക്തിപ്പെടുത്തുവാൻ കഴിയുന്ന മറ്റൊരു ശീലം, "സ്വാതന്ത്ര്യമുള്ളിടത്തൊക്കെ" നമ്മെത്തന്നെ ദൈവസാന്നിദ്ധ്യത്താൽ നിറക്കാൻ സാധിക്കുന്നിടത്തൊക്കെ, അനുസ്യൂതം വിഹരിക്കുവാൻ സാധിക്കുന്നു എന്നതാണ്. നമ്മുടെ മുറിവുകളും അരക്ഷിതാവസ്ഥകളും കഷ്ടപാടുകളുമൊക്കെ ക്രിസ്തുവിന്റെ പ്രകാശത്തിലേക്ക് കൊണ്ടുവന്ന് അവയൊക്കെ മറയ്ക്കുന്നത് സ്വാഭാവികം മാത്രമാണ്. നിസ്സാരമായ വാക്കുകളും ശൂന്യമായ പദസമുച്ചയങ്ങളുമുപയോഗിച്ച് പ്രാർത്ഥിക്കുവാൻ ജന്മവാസന നമ്മെ പ്രേരിപ്പിക്കുന്നു. നാം ഒന്നിനും കൊള്ളാത്തവരാണെന്നും, ഇപ്പോൾ അനുഭവിക്കുന്ന ഈ വേദനയിൽ നിന്നും അന്ധകാരത്തിൽ നിന്നും ഒരിക്കലും മോചനം പ്രാപിക്കുവാൻ സാധിക്കുക ഇല്ലെന്നും ഭയം നമ്മോട് പറയുന്നു. ആദ്യമായി പ്രാർത്ഥിക്കുമ്പോൾ നമുക്ക് സൗഖ്യം കിട്ടിയില്ലെങ്കിലും നാം ആയിരിക്കുന്ന അവസ്ഥയിൽ ക്രിസ്തു നമ്മെ സ്വീകരിക്കുന്നുവെന്നും നാം അവിടുന്നിൽ നിന്നും അകന്നാലും ക്രിസ്തു നമ്മോടൊപ്പം സഞ്ചരിക്കുന്നുവെന്നും നാം അവിടുത്തെ കണ്ടെത്തുമ്പോൾ ഉറപ്പായും അറിയുന്നു. മണവാളനായ ക്രിസ്തുവിനെ നമ്മുടെ മൂടുപടം നീക്കാൻ അനുവദിക്കുമ്പോൾ അവിടുത്തെ നാം വ്യക്തമായി കാണുക മാത്രമല്ല, നാം ആയിരിക്കുന്ന അവസ്ഥയിൽ കാണാൻ അനുവദിക്കുകയും - പിന്നീടൊരിക്കലും ക്രിസ്തുവുമായി ഒളിച്ചുകളി നടത്തുവാൻ സാധിക്കാത്തവിധം രൂപാന്തരം പ്രാപിക്കുകയും ചെയ്യുന്നു. ക്രിസ്തുവുമായി അടുത്ത സ്നേഹബന്ധം പുലർത്തണമെങ്കിൽ, അതിനായി നമ്മെ രൂപാന്തരപ്പെടുത്തേണ്ടതുണ്ട്.

പ്രേഗിലെ വാഴ്ത്തപ്പെട്ട ആഗ്നസിനെഴുതിയ ഒരു കത്തിൽ, വി.ക്ലാര ക്രിസ്തുവിനെ മുഖം നോക്കുന്ന ഒരു കണ്ണാടിയായി ചിത്രീകരിക്കുന്നുണ്ട്. വി.ക്ലാര എഴുതുന്നു." എല്ലാ ദിവസവും കണ്ണാടിയിലേക്ക് (ക്രിസ്തുവിലേക്ക്) നോക്കി നിന്റെ തന്നെ പ്രതിബിംബം ധ്യാനിക്കുക. അത് എല്ലാ പുണ്യങ്ങളേയും ആവരണം ചെയ്യുന്ന ഒരു കുപ്പായമായി നിന്റെ ശരീരത്തെയും മനസ്സിനെയും നിന്നെത്തന്നെയും അലങ്കരിക്കുക." അതിനാൽ, നമുക്ക് ക്രിസ്തുവിനെ നോക്കാം. മൂടുപടമില്ലാത്ത മുഖത്തോടെ, അവിടുത്തെ മഹത്വം കടാക്ഷിക്കാം. അങ്ങനെ ക്രിസ്തുവിന്റെ അതേ പ്രതിഛായയായി നമുക്ക് രൂപാന്തരപ്പെടാം. നമുക്ക് ഒരിക്കലും അന്യമല്ലാത്ത ആ പ്രതിഛായ, നമ്മെ ഓരോരുത്തരേയും രൂപപ്പെടുത്തിയ പ്രതിഛായ!